# കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊട്ടാരക്കര

**No. C/300/2023** **13.12.2024**

ലേലം/ക്വട്ടേഷൻ/പരസ്യം (നം:1/24-25)

ഈ കോളേജിലെ കാലഹരണപ്പെട്ട ഫർണിച്ചറുകൾ, ലാബ് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ 08.01.2025 തീയതി രാവിലെ 11 മണിക്ക് ഈ സ്ഥാപനത്തിൽ വച്ച് ലേലം ചെയ്യുന്നതാണ്. ടി ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേദിവസം ലേലത്തിന് മുൻപായി 100 രൂപ നിരതദ്രവ്യം കോളേജ് ഓഫീസിൽ കെട്ടിവച്ചതിനുശേഷം ലേലത്തിൽ പങ്കുചേരാവുന്നതും ഏറ്റവും കൂടുതൽ തുക വിളിച്ച ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും അല്ലാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടൻ മടക്കി നൽകുന്നതാണ്.

ഓരോ സാമഗ്രികൾക്കും പ്രത്യകം ലേലം വിളിക്കേണ്ടതാണ്. ലേലം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ക്വട്ടേഷൻ അന്നേദിവസം രാവിലെ 11.30 വരെ കോളേജിൽ വച്ച് സ്വീകരിക്കുന്നതും ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതും ലേലത്തുകയാണോ ക്വട്ടേഷൻ തുകയാണോ കൂടുതൽ ആയതു സ്വീകരിക്കുന്നതുമാണ്.

ലേലം നിർത്തിവെക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും ക്വട്ടേഷൻ സ്വീകരിക്കുന്നതിനും പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലക്കാരൻ/ ക്വട്ടേഷൻ സമർപ്പിച്ച ആൾ ലേലത്തുക ഒടുക്കാതിരുന്നാൽ വീണ്ടും ലേലം/ ക്വട്ടേഷൻ നടത്തുന്നതിനും മുൻ ലേലത്തിൽ/ക്വട്ടേഷനിൽ ഈ സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം ആദ്യ ലേലക്കാരന്റെ /ക്വട്ടേഷൻകാരന്റെ പക്കൽ നിന്നും റവന്യു റിക്കവറി നിയമപ്രകാരം ഈടാക്കുന്നതുമാണ്. ലേല തുകയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള 18 % നിരക്കിൽ വിൽപ്പന നികുതി അടയ്ക്കേണ്ടതാണ്.

പ്രിൻസിപ്പാൾ

PRINCIPAL
COLLEGE OF ENGINEERING
KOTTARAKKARA

COLLEGE OF ENGINEERING KOTTARAKKARA MANAGED BY IHRD